പതിമൂന്നാം കേരള നിയമസഭ

ഒൻപതാംസമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1090 — 13.06.2013ൽ മറുപടിയ്ക്ക്

## പുതിയ സാങ്കേതിക സർവ്വകലാശാല

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പാലോട് രവി<br>ശ്രീ.കെ.അച്ചുതൻ<br>ശ്രീ.ജോസഫ് വാഴക്കൻ<br>ശ്രീ.കെ.മുരളീധരൻ | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(ഉന്നത.വിദ്യാഭ്യാസ വകുപ്പമന്ത്രി) |
| (എ) സംസ്ഥാനത്ത് സാങ്കേതിക സർവ്വകലാശാലകൾ സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. 22/01/2011-ലെ സ.ഉ.(കൈ)നമ്പർ.350/11/പൊ.ഭ.വ.-പ്രകാരം സംസ്ഥാനത്ത് ഒരു സാങ്കേതിക സർവ്വകലാശാല സ്ഥാപിക്കുന്നത് സംബന്ധിച്ചുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (ബി) (1)സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിലെ അക്കാദമിക് നിലവാരം മെച്ചപ്പെടുത്തുന്നതിനും, ഫലപ്രദമായ നിയന്ത്രണ സംവിധാനം സൃഷ്ടിക്കുന്നതിനും;<br>(2)എഞ്ചിനീയറിംഗ് ബിരുദധാരികളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന്;<br>(3)എഞ്ചിനീയറിംഗ് ബിരുദധാരികളുടെ തൊഴിൽ വൈദഗ്ധ്യം ഉറപ്പുവരുത്തുന്നതിന്;<br>(4)എഞ്ചിനീയറിംഗ് ഗവേഷണത്തിന് അനുകൂലമായ സാഹചര്യം ഉണ്ടാക്കിയെടുക്കുന്നതിന്;<br>(5)നിലവിലുള്ള അഫിലിയേറ്റഡ് സമ്പ്രദായത്തിലെ പാകപ്പിഴകൾ പരിഹരിക്കുന്നതിന്. |

| | | | |
|---|---|---|---|
| (സി) | ഏതെല്ലാം കോളേജുകളെയാണ് ഇതിന്റെ പരിധിയിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (സി) | ഗുണനിലവാരമുള്ള കോളേജുകളെ മാത്രം സാങ്കേതിക സർവ്വകാലാശാലയിൽ അഫിലിയേറ്റ് ചെയ്യുന്നു. എന്നാൽ എല്ലാ കോളേജുകൾക്കും അഫിലിയേഷനുവേണ്ടി അപേക്ഷിക്കാം. അത്തരം അപേക്ഷകൾ പരിശോധിച്ച് ഗുണനിലവാരമുള്ള കോളേജുകളെ സർവ്വകാലാശാലയിൽ ഉൾപ്പെടുത്തും. |
| (ഡി) | ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ? | (ഡി) | നിർദ്ദിഷ്ട സാങ്കേതിക സർവ്വകലാശാലയുടെ കരട് ബിൽ നിയമവകുപ്പിന്റെ പരിഗണനയിലാണ് |

സെക്ഷൻ ഓഫീസർ